# ഫാസിസവും പ്രതിരോധവും

## ജനനീതി സംഘടിപ്പിക്കുന്ന പൊതുസംവാദങ്ങൾ

വേദി: വൈലോപ്പിള്ളി ഹാൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ.

**പ്രഭാഷണം 5: 2015 ഡിസംബർ 30, 5 pm**

**പ്രഭാഷകൻ: ഡോ. അനിൽ ചേലേമ്പ്ര**




**ഫാ**സിസം എന്ന ഒരു പദം അതേവിധത്തിൽ ഞാനന്റെ ഈ സംസാരത്തിൽ ഉപയോഗിക്കണം എന്ന് വിചാരിക്കുന്നില്ല. കാരണം അതേക്കുറിച്ച്തന്നെ ധാരാളം ആശയക്കുഴപ്പങ്ങളും വ്യത്യസ്ത അഭിപ്രായങ്ങളും ഒക്കെ ഉണ്ടായിക്കഴിഞ്ഞ സ്ഥിതിക്ക് ഞാൻ തൽക്കാലം നാമിപ്പോൾ അനുഭവിക്കുന്ന ഒരു രാഷ്ട്രീയ പശ്ചാത്തലത്തെ അസഹിഷ്ണുതയുടെ രാഷ്ട്രീയ പശ്ചാത്തലം എന്ന് വിളിക്കാനാണ് ആഗ്രഹിക്കുന്നത്. അനുഭവിക്കുന്നതെന്തോ അതാണല്ലോ നാം യഥാർത്ഥത്തിൽ പറയേണ്ടത്. അതിനെ സിദ്ധാന്തവൽക്കരിക്കുന്നതിനേക്കാൾ നല്ലത് അനുഭവത്തെ അതായിത്തന്നെ മനസ്സിലാക്കാനും വിശദീകരിക്കാനും ശ്രമിക്കുകയാണ് എന്നൊരഭിപ്രായം വ്യക്തിപരമായി എനിക്കുണ്ട്. അതുകൊണ്ട് നാം യഥാർത്ഥത്തിൽ അനുഭവിക്കുന്നത് അസഹിഷ്ണുത എന്ന് പറയുന്ന വളരെ പ്രകടമായ ഒരു മനോഭാവത്തെ ആണ്.

നമ്മുടെ വീട്ടിലും നാട്ടിലും രാഷ്ട്രീയത്തിലും മതത്തിലും സ്നേഹബന്ധങ്ങളിലും എല്ലാം യഥാർത്ഥത്തിൽ നാം ഇപ്രകാരം അനുഭവിക്കുന്നുണ്ട്. അത് ഏറെക്കുറെ പ്രകടമായിത്തന്നെ ഒരു ഭരണകൂടരൂപമായി പ്രത്യക്ഷപ്പെട്ടിരിക്കുന്നൊരു സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്. പക്ഷെ, അങ്ങനെയൊരു ഭരണകൂടരൂപമായിത്തീരാൻ അതിന് വഴിയൊരുക്കിയത് കഴിഞ്ഞ ഏതാനും വർഷങ്ങൾക്കകത്ത് സംഭവിച്ച മാറ്റമല്ല. അടിസ്ഥാനപരമായി ഇന്ത്യൻ സമൂഹത്തിന്റെ അതിജീവിനവുമായി ബന്ധപ്പെട്ട സംഘർഷങ്ങളിൽത്തന്നെയാണ് ഇന്ന് കാണുന്ന ഈ അസഹിഷ്ണുതയുടെ ഭരണകൂടരൂപത്തെ സൃഷ്ടിച്ചത് എന്ന് ഞാൻ വിചാരിക്കുന്നു. അതുകൊണ്ട് ഇതിന്റെ അന്വേഷണവും ഇതുമായി ബന്ധപ്പെട്ട ചർച്ചയും നമുക്ക്

നമ്മുടെ രാഷ്ട്രീയ സമകാല രാഷ്ട്രീയ മണ്ഡലത്തിൽമാത്രം ഒതുക്കി നിർത്താൻ പറ്റില്ല. ഇതിന് ചരിത്രപരമായിത്തന്നെ പലവഴിയിലൂടെ അനേഷിക്കേണ്ടതായിട്ടുവരും. അനേകം വഴികളും ഊടുവഴികളും ഊരാക്കുടുക്കുകളുമൊക്കെയുള്ള ഒന്നാണ് ഈ സങ്കീർണ്ണമായ ഇന്ത്യൻ ചരിത്രം എന്ന് പറയുന്നത്. ഇന്ത്യയുടെ സാമൂഹ്യചരിത്രത്തിനകത്ത് എത്ര വിശകലനം ചെയ്താലും തീരാത്തത്ര സങ്കീർണ്ണതകൾ ഉൾച്ചേർന്ന് കിടക്കുന്നുണ്ട്. അതിനകത്തുനിന്നുതന്നെയാണ് ഇത്തരം അസഹിഷ്ണുതയുടെ രൂപങ്ങൾ ഉണ്ടായിവരുന്നത് എന്ന് ഞാൻ ഭയപ്പെടുന്നു. നമുക്കറിയാം ഒരുപക്ഷേ ഇന്ത്യ എന്ന് നാം ഇപ്പോൾ വിശേഷിപ്പിക്കുന്ന ഈ ഒരു പ്രദേശത്തെ ജനതയെക്കുറിച്ചും ആ ജനതയുടെ ജീവിതത്തെക്കുറിച്ചും വളരെ വ്യത്യസ്തമായ ഒരു കാഴ്ചപ്പാട് അവതരിപ്പിച്ചത് യൂറോപ്യൻമാരാണ്. പത്യേകിച്ചും ബ്രിട്ടീഷ് കോളനിവൽക്കരണത്തോടെയാണങ്ങനെ സംഭവിച്ചത. എവിടെ നിന്നെങ്കിലും ആരംഭിക്കണം എന്നതുകൊണ്ടു മാത്രമാണ് ഞാൻ അത്തരത്തിൽ ഒരു പ്രത്യേക ബിന്ദുവിൽനിന്ന് തുടങ്ങുന്നത്.

എവിടെനിന്നും ഇതാരംഭിക്കാവുന്നതാണ്. ബ്രിട്ടീഷുകാർ ഇന്ത്യയിൽ വരുമ്പോൾ അവർ ഉത്പാദിപ്പിച്ച ജ്ഞാന വ്യവസ്ഥ നമ്മുടെ ഈ ചർച്ചയിൽ വളരെ പ്രധാനമാണ്. ബ്രീട്ടീഷുകാർ ഇന്ത്യയിൽവന്നതിനു ശേഷമാണ് നമ്മുടെ ഇന്ന് നാം ആധുനികം എന്ന് വ്യവഹരിക്കുന്ന മിക്കവാറും എല്ലാ ജ്ഞാനരൂപങ്ങളും സംജാതമായിട്ടുള്ളത്. അതിനകത്ത് അവർ ഉത്പാദിപ്പിച്ച ഇന്ത്യൻ സമൂഹത്തെപ്പറ്റിയുള്ള ഒരു സങ്കൽപ്പം വളരെ പ്രധാനമാണ്. ഇന്ത്യയെക്കുറിച്ച് സവിശേഷമായും കിഴക്കിനെക്കുറിച്ച് പൊതുവായും അവരുണ്ടാക്കിയ ഒരു സങ്കല്പത്തെയാണ് നമ്മൾ സാധാരണയായിട്ട് പൗരസ്ത്യവാദം എന്ന് പറയുന്നത്. ഏതായാലും സർ വില്യം ജോൺസിനെപ്പോലുള്ള ആളുകൾ 18-ാം നൂറ്റാണ്ടിന്റെ ഒടുവിൽ റോയൽ ഏഷ്യാറ്റിക് സൊസൈറ്റി പോലുള്ള സൊസൈറ്റികൾക്ക് രൂപം കൊടുത്തുകൊണ്ട് നമ്മുടെ ഉള്ളിൽ ഉത്പാദിപ്പിച്ചിട്ടുള്ള ഒരു ഇന്ത്യൻ സങ്കൽപ്പം അല്ലെങ്കിൽ ഇന്ത്യയെക്കുറിച്ചുള്ള ഒരു ഭാവനയുണ്ട്. ആ ഭാവന തീർച്ചയായും അപനിർമ്മിക്കപ്പെടേണ്ടതുണ്ട് എന്ന് ഞാൻ വിചാരിക്കുന്നു. ഇതാണ് എന്റെ ഒന്നാമത്തെ പോയിന്റ്. കൊളോണിയൽ ഭാവനയുണ്ടാക്കിയെടുത്ത ഓറിയന്റലിസം അല്ലെങ്കിൽ പൗരസ്ത്യവാദം സൃഷ്ടിച്ചെടുത്ത ഇന്ത്യ എന്നൊരു ഭാവനയെ നാം കുറേക്കൂടി സൂക്ഷ്മമായി വിശകലനം ചെയ്യേണ്ടതുണ്ട്. സർ വില്യം ജോൺസിന്റെ ഈ റോയൽ ഏഷ്യാറ്റിക് സൊസൈറ്റിയുടെ അധ്യക്ഷപ്രസംഗം യഥാർത്ഥത്തിൽ വളരെ നിർണ്ണായകമായ ഒന്നായിരുന്നു. അവിടെ വച്ചാണ് അദ്ദേഹം ഈ കംമ്പാരറ്റീവ് ഫിലോളജിയുടെ അല്ലെങ്കിൽ കംമ്പാരറ്റീവ് ലിഗ്വിസ്റ്റിക്സിന്റെ അല്ലെങ്കിൽ താരതമ്യാത്മക ഭാഷാശാസ്ത്രത്തിന്റെ സാധ്യതകളെപ്പറ്റി നമ്മെ ആദ്യമായി പഠിപ്പിച്ചത്. അതിന്റെ ഗതിവിഗതികളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. അതിന്റെയൊരുൽപ്പന്നം യഥാർത്ഥത്തിൽ ഇന്ത്യൻ സമൂഹത്തെ ദ്രാവിഡം എന്നും ഇന്തോ-യൂറോപ്യൻ എന്നും വിളിക്കുന്ന രണ്ട് ഭാഷാ ഗോത്രങ്ങളായി ഇന്ത്യൻ സമൂഹത്തെ വർഗ്ഗീകരിക്കുന്ന തരത്തിൽ ഒരു കാഴ്ചപ്പാടവതരിപ്പിച്ചത് യഥാർത്ഥത്തിൽ സർ വില്യം ജോൺസാണ്. അപ്പോൾ അദ്ദേഹത്തിന്റെ ഈ ഒരു കാഴ്ചതന്നെ ഇന്ത്യൻ സമൂഹത്തെ അദ്ദേഹം രണ്ടായി പിളർത്തുകയാണ് ചെയ്തത്. അതുകൊണ്ട് ദ്രാവിഡം എന്നു പറയുന്ന ഒരു ഭാഷാഗോത്രത്തിലാണ് നമ്മളൊക്കെ ഉൾപ്പെട്ടിട്ടുള്ളതെന്ന്





നിങ്ങൾക്കറിയാം. അങ്ങനെയാണ് നാം ഇപ്പോൾ കാണുന്ന ഈ ഭാഷയിൽ ഉരുത്തിരിഞ്ഞുവന്ന അല്ലെങ്കിൽ പരിണാമം സംഭവിച്ച നമ്മൾ ട്രീ ഡയഗ്രം എന്നൊക്കെ പറയുന്ന വൃക്ഷമാതൃക/ശിഖരമാതൃക അദ്ദേഹം അവതരിപ്പിച്ചത്. അല്ലെങ്കിൽ അദ്ദേഹത്തെ പിൻപറ്റിക്കൊണ്ട് പിന്നീട് വന്നവർ ചെയ്തിട്ടുള്ളത്.

(അവർ ചെയ്തതെന്തൊക്കെയാണെന്നുവച്ചാൽ ഇന്ത്യയിൽ വന്നപ്പോൾ അവർ ധാരാളം ഭാഷകൾ കാണുകയാണ്. ഈ വൈവിദ്ധ്യമേറിയ ഭാഷയെ എങ്ങനെ പഠിക്കാം. അതിന്റെ ബേസിക്കായുള്ള കൺസെപ്റ്റെന്താണ്. പഠിക്കുക എന്ന് പറയുന്നൊരു പ്രക്രിയയ്ക്കകത്തുതന്നെയാണ് യഥാർത്ഥത്തിൽ ബേസിക്കായിട്ടുള്ള ചില പ്രശ്നങ്ങൽ ഉള്ളതെന്നാണ് ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്. അപ്പോൾ അതുകൊണ്ട് അവർ നോക്കുമ്പോൾ ഇവിടെ ഇങ്ങനെ വൈവിദ്ധ്യങ്ങൾക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഭൂപ്രകൃതിയുടെ വൈവിദ്ധ്യം, ഭാഷയുടെ വൈവിദ്ധ്യം, സംസ്ക്കാരത്തിന്റെ വൈവിദ്ധ്യം. ഈ വൈവിദ്ധ്യങ്ങളെ എങ്ങനെയെങ്കിലും ഒന്ന് മനസ്സിലാക്കണം. മനസ്സിലാക്കാൻ നിങ്ങൾക്ക് ചില വിചാര മാതൃകകൾ ചില **പാരഡൈം** ഇല്ലാതെ വയ്യ. അങ്ങനെ ഉത്പാദിപ്പിച്ച ചില പാരഡൈമുകളിലെന്നാണ് കമ്പാരറ്റീവ് ലിറ്ററേച്ചർ, കമ്പാരറ്റീവ് ഫിലോളജി കമ്പാരറ്റീവ് സ്റ്റഡീസ് എന്ന് പറയുന്നതാണ് താരതമ്യാത്മകമായ പഠനങ്ങൾ അങ്ങനെ വരുന്നതാണ്. അങ്ങനെ അന്വേഷിച്ച് വന്നപ്പോൾ കുറെ ഭാഷകൾക്ക് തമ്മിൽ ഭയങ്കര സമാനതയുണ്ട്. അപ്പോൾ തെലുങ്ക്, കന്നഡ, മലയാളം, തമിഴ് നിരവധിയായ സഹ്യപർവ്വത നിരകളിലും അതുപോലെതന്നെ ഈസ്റ്റേൺ ഗട്ട്സിലുമുള്ള ആദിവാസി ഭാഷകൾ, ഇതൊക്കെ അവർ പരസ്പരം താരതമ്യം ചെയ്യുകയും അങ്ങനെയൊരു പ്രാഗ്ഭാഷ ഈ ദ്രാവിഡ ഗോത്രത്തിൽപ്പെട്ട ഭാഷകൾക്കെല്ലാം ഒരു പ്രാഗ് ഭാഷയുണ്ടായിരുന്നെന്നും അതിൽനിന്നും വേർപിരിഞ്ഞ് വേർപിരിഞ്ഞ് വന്ന് ഏറ്റവും അവസാനം ഊരിപ്പോന്ന ഒരു ഭാഷയാണ് മലയാളം എന്നൊരു സങ്കല്പം ആ കാലഘട്ടത്തിൽ രൂപപ്പെട്ട് വന്നതാണ്. അങ്ങനെ രൂപപ്പെട്ട് വരുന്നതോടുകൂടി ഇതൊരു ഭാഷാ സങ്കൽപ്പം മാത്രമല്ല ഇതൊരു സാംസ്കാരത്തെക്കുറിച്ചുള്ള സങ്കൽപ്പംകൂടിയായി വരുന്നുണ്ട്. അതുകൊണ്ട് ദ്രാവിഡം എന്ന് നാം വിശേഷിപ്പിക്കുന്ന ഈയൊരു സംസ്കാരത്തിന്റെ സ്വരൂപം യഥാർത്ഥത്തിൽ ഭാഷയേയും സംസ്കാരത്തേയും ഒരേപോലെ കുറിക്കുന്ന ഒന്നായി തീരുന്നു. അതോടുകൂടി വിന്ധ്യ പർവ്വതനിരകൾക്കിപ്പുറമുള്ള സംസ്കാരം ഒന്നും വിന്ധ്യനിരകൾക്ക് മുകളിലുള്ള സംസ്ക്കാരം മറ്റൊന്നും എന്ന് സങ്കല്പം രൂപപ്പെട്ട് വരുന്നു. അങ്ങനെയാണ് ഇന്തോ യാറോപ്യൻ ഭാഷകൾ എന്ന് പറയുന്നത് സംസ്കൃതവും അതുമായി ബന്ധപ്പെട്ട ഭാഷകൾ മാത്രമല്ല സംസ്കൃതം പോലുള്ള ഭാഷകൾ ജർമ്മൻ ലാറ്റിൻ തുടങ്ങിയ ഭാഷകളുമായി താരതമ്യം ചെയ്തുകൊണ്ട് അതിനൊരു ക്ലാസിക്കൽ പദവി അങ്ങിനെ ക്ലാസിക്കൽ ഭാഷകളുടെ ഈറ്റില്ലങ്ങളിലൊ





ന്നാണ് ഇന്ത്യ എന്ന കണ്ടെത്തൽ. ഇതിന്റെയൊക്കെ ഭാഗമായി രൂപപ്പെട്ടുവന്ന ചില പ്രത്യേക ആലോചനകളുടെ രൂപങ്ങൾ ഉണ്ട്. വിചാരങ്ങളുടെ രൂപങ്ങൾ ഉണ്ട്. ആ വിചാരരൂപങ്ങളിൽനിന്ന് നാം ചില കാര്യങ്ങൾ അപനിർമ്മിച്ചെടുത്തേണ്ടതുണ്ട് എന്ന് ഞാൻ വിചാരിക്കുന്നു. അങ്ങനെയാണ് സംസ്കൃതം എന്ന് പറയുന്നരു ഭാഷയെപ്പറ്റി ചില സങ്കൽപ്പങ്ങളുണ്ടായി വരുന്നത്. ഈ കാലഘട്ടത്തിലാണ്. മലയാളത്തിൽ തന്നെയുണ്ടായിരുന്ന കോവുണ്ണി നെടുങ്ങാടിയെപ്പോലുള്ള ആൾക്കാർ പറഞ്ഞിരുന്നത് മലയാളം ഉണ്ടായിട്ടുള്ളത് സംസ്കൃതത്തിൽ നിന്നാണ്. ഇന്ത്യയിലെല്ലാ ഭാഷകളും സംസ്കൃതത്തിൽ നിന്നുണ്ടായതാണ് തുടങ്ങിയ അതിവാദങ്ങൾ പോലുമുണ്ടായിട്ടുണ്ടാകാലഘട്ടത്തിൽ. ഭാഷാ ശാസ്ത്രപരമായി സംഗതമല്ലെങ്കിൽപോലും സംസ്കൃതത്തെ ഏറ്റവും ഈ ഹിമാലയത്തോട് ഉപമിച്ചു നിർത്തുകയും ഹിമാലയത്തിൽ നിന്നൊഴുകിവരുന്ന നദികൾ പോലെ സംസ്കൃതത്തിൽ നിന്നൊഴുകിവരുന്ന ഭാഷകളാണ് ഇന്ത്യയിലുടനീളമുള്ളത് എന്നൊക്കെയുള്ള സങ്കൽപ്പം ആ കാലഘട്ടത്തിൽ രൂപപ്പെട്ട് വരുന്നതാണ്. അപ്പോൾ ഇങ്ങനെ രൂപപ്പെടുത്തിയതിന്റെ പുറകിലുള്ള, ഞാൻ അതിന്റെ ശരി തെറ്റുകളെ കുറിച്ചല്ല പറയുന്നത്. അതിന്റെ ബേസിക്കായിട്ടുള്ള കാഴ്ച എവിടെയാണെന്ന് ചോദിച്ചാൽ വൈജാത്യത്തെ നമുക്കുൾക്കൊള്ളാൻ പറ്റില്ല. നമുക്ക് എന്ന് പറഞ്ഞാൽ യൂറോപ്യൻമാർക്ക് വൈജാത്യത്തെ ഉൾക്കൊള്ളാൻ കഴിയില്ല. അവരുടെ പ്രശ്നമെന്താണെന്ന് ചോദിച്ചാൽ എങ്ങനെയാണ് നിങ്ങൾക്ക് കറുപ്പും വെളുപ്പും ഒരുമിച്ചുവക്കാൻ സാധിക്കുക. അതിനെ ഒരുമിച്ചുൾക്കൊള്ളുക എന്നത് അവരെ സംബന്ധിച്ചിടത്തോളം സാദ്ധ്യമല്ല.)

അവർ വൈവിദ്ധ്യങ്ങളിലൂടെയാണ് ലോകത്തെകണ്ടത്. ഇരുട്ട് വളിച്ചം കറുപ്പ് വെളുപ്പ് ഉയർന്നത് താഴ്ന്നത് ഇങ്ങനെ ഈ വൈവിദ്ധ്യങ്ങളിലൂടെയാണവർ ലോകത്തെ കാണാൻ ശ്രമിച്ചത്. അങ്ങനെവന്നപ്പോൾ അവർ ഇന്ത്യൻ ജനതയെയും ആര്യം ദ്രാവിഡം എന്നൊരു ബൈനറിക്കകത്ത് കുടുക്കിയിടാൻ ശ്രമിക്കയാണ് യഥാർത്ഥത്തിൽ ചെയ്തത്. അങ്ങനെ ധാരാളം ബൈനറികൾ അവർ ഉത്പാദിപ്പിച്ചിട്ടുണ്ട്. അങ്ങനെയുള്ള ഒരു ബൈനറിയാണ് ഹിന്ദു-മുസ്ലീം എന്നു പറയുന്ന ഒരു ബൈനറി. അങ്ങനെ ബൈനറികളിലൂടെ ലോകത്തെ കാണുക എന്നു പറയുന്നത് തന്നെ യൂറോപ്യൻ അധിനിവേശത്തിന്റെ ഭാഗമായി ലോകത്തുണ്ടായിവന്നിട്ടുള്ളൊരു കാര്യമാണ്. പ്രത്യേകിച്ചും മൂന്നാം ലോക രാജ്യങ്ങളിലുണ്ടായി വന്നിട്ടുള്ള ഒരു കാര്യമാണ്. ഇതിന്റെ ഒരു ആഴം എത്രമാത്രം ഉണ്ട് എന്ന് നാം പരിശോധിക്കേണ്ടതാണ്. കിഴക്കും പടിഞ്ഞാറും ഇവർ ഇതുപോലെതന്നെ ഒരു ബൈനറിയായിട്ടാണ് കണ്ടത്. മാക്സ് മുള്ളറുടെ ഒരു ചെറിയ ഉദ്ധരണി മാത്രം ഞാൻ വായിക്കാം. “പ്രാചീന ഇന്ത്യയിൽ അതിജീവനത്തിനുള്ള വലിയ സമരങ്ങളൊന്നും നടന്നിട്ടില്ല. പ്രകൃതിയിൽനിന്നു കിട്ടുന്നതിൽ അവർ തൃപ്തിപ്പെട്ടു കിളികളെപ്പോലെ അതുകൊണ്ട് ചിരന്തരമായ സത്യത്തിനുവേണ്ടി അതിന്റെ ഉത്ഭവത്തെത്തേടി വെളിച്ചത്തെത്തേടി അവർക്ക് ധാരാളം സമയം ചെലവഴിക്കാൻ പറ്റി. പാശ്ചാത്യരായ നമ്മളാകട്ടെ ആധുനികതയുടേതായ രാഷ്ട്രീയവും സാമൂഹികവും ഭരണപരവുമായ തിരക്കുകളിൽ അതിഭൗതികതയെപ്പറ്റി ചിന്തിക്കാൻ സമയം കിട്ടാത്തവരായിപ്പോകുകയും ചെയ്തു.” മാക്സ് മുള്ളറുടെ വളരെ ശ്രദ്ധേയമായൊരു പ്രസ്താവനയാണത്. “ഇന്ത്യപോലുള്ള രാജ്യത്ത് ജീവിക്കുന്ന ആളുകൾ കിളികളെപ്പോലെയാണ്. അവർ കിട്ടുന്നതുകൊണ്ട് സംതൃപ്തമാകുകയും ധ്യാനാത്മകമായ അറിവുൽപ്പാദിപ്പിക്കുകയും ചെയ്ത ആളുകളാണ്. നമ്മൾ ഈ യൂറോപ്യന്മാരാകട്ടെ ഭൗതികമായ കാര്യങ്ങൾക്കുവേണ്ടി ധാരാളം സമയം ചെലവഴിച്ചതുകൊണ്ട് നമുക്കത്തരം അറിവൊന്നും ഉത്പ്പാദിപ്പിക്കാൻ പറ്റിയില്ല” എന്ന് മാക്സ് മുള്ളർ സങ്കടപ്പെടുന്നു. ഇതിനകത്തു നാം മനസ്സിലാക്കേണ്ട കാര്യം കിഴക്ക് = ആത്മീയം, പടിഞ്ഞാറ് = ഭൗതികം എന്നൊരു മറ്റൊരു ബൈനറി എങ്ങിനെയാണ് മാക്സ് മുള്ളർ ഉത്പ്പാദിപ്പിക്കുന്നത് എന്ന് പറയാനാണ് ഞാൻ ഇത് നിങ്ങളുടെ ശ്രദ്ധയിലേക്ക്

കൊണ്ടുവന്നത്. അതുകൊണ്ട് ഈ യൂറോപ്പിന്റെ കണ്ണിലൂടെ നോക്കിയ സമയത്ത് ഇന്ത്യയിൽ അതിജീവനത്തിനുവേണ്ടിയുള്ള ഒരു സമരവും നടന്നിട്ടില്ല എന്നാണ് മാക്സ്മുള്ളർക്ക് തോന്നിയത്. 19-ാം നൂറ്റാണ്ടിൽ മാക്സ് മുള്ളർ ഇങ്ങനെ ഒരു കാര്യം പറയുന്നതിനെത്രയോ വർഷം മുമ്പ് ഇന്ത്യയിൽ ബുദ്ധൻ എന്നൊരാൾ ജീവിച്ചിരുന്നു എന്നത് അദ്ദേഹം അറിയാത്തതാണോ അറിഞ്ഞതുകൊണ്ട് ഫലമില്ലാത്തതാണോ എന്നറിഞ്ഞു കൂടാ. ഏതായാലും ബുദ്ധനെന്നൊരു മനുഷ്യനെ മാക്സ് മുള്ളർക്ക് പരിചയപ്പെടുത്തിക്കൊടുക്കേണ്ടതുണ്ട് എന്ന് ഞാൻ വിചാരിക്കുന്നു. ഇന്ത്യയുടെ ചരിത്രപരമായ ഒരട്ടിമറി സംഭവിക്കുന്ന നിമിഷം എന്നു പറയുന്നത് ബുദ്ധനും മാക്സ്മുള്ളറും കാണുന്ന നിമിഷമായിരിക്കും. അതിജീവിനത്തിനുവേണ്ടിയുള്ള സമരങ്ങൾക്ക് നേതൃത്വം കൊടുത്ത നമുക്കറിയാവുന്ന ഏറ്റവും ആദ്യത്തെ ബുദ്ധിജീവികളിലൊരാളാണ് ഗൗതമബുദ്ധനെന്നു ഞാൻ കരുതുന്നു. ബുദ്ധനുശേഷവും അത്തരം ധാരാളം ആലോചനകൾ നടന്നിട്ടുണ്ട്. അങ്ങനെ ആലോചനകൾ നടത്തിയ നിരവധി പാരമ്പര്യങ്ങൾ ഇന്ത്യയിലുണ്ട്. ഒറ്റവാക്യത്തിൽ പറഞ്ഞാൽ അതിജീവനത്തിനുവേണ്ടി അതിസാഹസികമായി സമരങ്ങൾ നടത്തിയ എത്രയോ മനുഷ്യർ ജീവിക്കുന്നൊരു മണ്ണിലാണ് നമ്മുടെ സംസ്കാരം രൂപപ്പെട്ടുവന്നത് എന്നാണ് ഞാൻ ശ്രമിക്കുന്നത്. ഒരുദാഹരണം പറഞ്ഞാൽ ഈ ദക്ഷിണേന്ത്യയിലെ നിരവധിയായ പാരമ്പര്യങ്ങൾ അതിലേറ്റവും പ്രധാനപ്പെട്ട പാരമ്പര്യമാണ് സിദ്ധപാരമ്പര്യം. അത് ഞാൻ നേരത്തെപ്പറഞ്ഞതുപോലെ, മാക്സ് മുള്ളർക്ക് കാണാൻ കഴിയാതെപ്പോയ അതിജീവനത്തിന്റെ ഒരു പാരമ്പര്യമാണ്. അതുപോലെ മറ്റൊരു പാരമ്പര്യമാണ് വചനപാരമ്പര്യം. ഈ രണ്ടു പാരമ്പര്യങ്ങളെ ഞാൻ എടുക്കുന്നതിന് ഒരു പ്രധാന കാരണമുണ്ട്. സിദ്ധ പാരമ്പര്യവുമായി ബന്ധപ്പെട്ട ഒരാളാണ് ശ്രീനാരായണഗുരു. വചനപാരമ്പര്യവുമായി ബന്ധപ്പെട്ടൊരാളാണ് പ്രൊഫ. എം.എം. കൽബുർഗി. അതുകൊണ്ട് ഈ രണ്ടു പാരമ്പര്യങ്ങളെ ഞാൻ ഈ സംസാരത്തിനുവേണ്ടി തിരഞ്ഞെടുത്തതിനു പുറകിൽ സമകാലികമായ ചില സങ്കൽപ്പങ്ങൾ കൂടിയുണ്ട്. അതിജീവനത്തിനുള്ള സമരം ഇന്ത്യയിൽ നടന്നിട്ടുണ്ടോ എന്ന മാക്സ് മുള്ളറുടെ ചോദ്യത്തിനുത്തരം പറയാനാണ് ഞാൻ ശ്രമിക്കുന്നത്.



സിദ്ധ പാരമ്പര്യം - സിദ്ധദർശനം അതിന്റെ ആഗരമായി സ്വീകരിച്ചിട്ടുള്ളവയെല്ലാം ബ്രാഹ്മണ വ്യവസ്ഥയെ എതിരിട്ടുനിന്നിട്ടുള്ള പ്രതിചിന്തകളാണ്. ഇതാണ് ഒന്നാമത്തെ കാര്യം. മാക്സ് മുള്ളർ അതിശോയക്തി കലർത്തി അവതരിപ്പിച്ചിട്ടുള്ള ബ്രാഹ്മണ പാരമ്പര്യത്തെ അഥവാ യൂറോപ്യന്മാർ ഇന്ത്യയുടേതെന്ന് പറഞ്ഞ് ലോകജ്ഞാന വ്യവസ്ഥയിലേക്ക് പോസ്റ്റ് ചെയ്തിട്ടുള്ള ഈ പറയുന്ന വൈദിക പാരമ്പര്യത്തെ ചോദ്യം ചെയ്തുകൊണ്ടാണ് ഇന്ത്യയിലെ കീഴാള പാരമ്പര്യങ്ങൾ നേരത്തെ മാക്സ് മുള്ളർ സൂചിപ്പിച്ച അതിജീവനത്തിന്റേതായ പാരമ്പര്യങ്ങൾ ഉണ്ടായിവന്നിട്ടുള്ളത്. അതുകൊണ്ട് ബ്രാഹ്മണ വ്യവസ്ഥയ്ക്ക് എതിർനിന്നിട്ടുള്ള പ്രതിചിന്തകളാണ് ഇന്ത്യയിൽ ഉണ്ടായിട്ടുള്ളത്. അതിലൊന്നാണ് ഈ സിദ്ധ പാരമ്പര്യം. അതിൽ തമിൾ നാടോടി പാരമ്പര്യം അജ്ഞേയവാദം ബൗദ്ധദർശനം എന്നിവയെല്ലാം പെടും, ഇതെല്ലാം പെട്ടതാണ് യഥാർത്ഥത്തിൽ സിദ്ധ പാരമ്പര്യം. അതിൽ തമിഴ് നാടോടി പാരമ്പര്യം, അജ്ഞേയവാദം, ബൗദ്ധദർശനം ഇവയെല്ലാം പെടും. ഇവയെല്ലാം ചേർന്നതാണ് സിദ്ധവൈദ്യം എന്ന് പറയുന്നത്. അതേസമയം വേദം, തന്ത്രം തുടങ്ങിയവയിലും ഇവർക്ക് സൂക്ഷ്മമായ പാണ്ഡിത്യം ഉണ്ടായിരുന്നു. ആദ്യം നമ്മൾ മനസ്സിലാക്കേണ്ട കാര്യം ഈ പ്രതി ചിന്തകൾ അല്ലെങ്കിൽ പ്രതിരോധത്തിന്റേതായ പാരമ്പര്യം എന്ന് പറയുന്നത് അതിനകത്ത് വേദത്തിന്റെ ഒരു കശണവുമില്ല എന്നതിനർത്ഥമില്ല. ഞാൻ മറ്റൊരു ദ്വന്ദ്വത്തെ ഉണ്ടാക്കാനല്ല ശ്രമിക്കുന്നത്. വൈദിക പാരമ്പര്യം വിപരീതം അവൈദിക പാരമ്പര്യം എന്ന ദ്വന്ദ്വത്തിനകത്തുവച്ചല്ല ഞാൻ പറയുന്നത്. സിദ്ധ പാരമ്പര്യത്തിൽപ്പെട്ട ശ്രീനാരായണഗുരു

ഉൾപ്പെടെയുള്ള ആളുകൾക്ക്  വൈദിക പാരമ്പര്യത്തിന്റേയും അവൈദിക പാരമ്പര്യത്തിന്റേയും വളരെ സൂക്ഷ്മമായ ധാരകൾ ഇടകലർന്ന് കാണാം.  അവർക്കതൊരു വൈരുദ്ധ്യമായി തോന്നുന്നില്ല.  വൈരുദ്ധ്യങ്ങളുടെ ഉള്ളിൽനിന്ന് പുറത്ത് കടക്കാനുള്ള ശ്രമമാണ് യഥാർത്ഥത്തിൽ ഇവരെല്ലാം നടത്തിയത്. നിങ്ങൾക്ക് ഒരേസമയം ആശയവാദിയും അതേസമയം ഭൗതികവാദിയും ആവാൻ കഴിയുമോ എന്നൊരു പക്ഷേ നമ്മളോട് ചോദിച്ചാൽ നമ്മൾ അങ്കലാപ്പിലാകും. കാരണം നമുക്കത് ആലോചിക്കാൻ പോലും പറ്റില്ല.  എന്നാൽ അങ്ങനെ പലസാദ്ധ്യതകളുണ്ട് മനുഷ്യർക്ക് മുന്നോട്ട് പോകാൻ എന്നതാണ് മനുഷ്യന്റെ ഏറ്റവും പ്രാഥമികമായ പ്രത്യേകത.

ഓരോ മനുഷ്യർക്കും സ്വപ്രയത്നംകൊണ്ട് ദൈവത്തെ പ്രാപിക്കാനാകുമെന്നും അതിന് ബ്രഹ്മങ്ങളുടെ ഇടനിലക്കാരാവശ്യമില്ലെന്നും സിദ്ധന്മാർ ജനങ്ങളെ ഉത്ബോധിപ്പിച്ചു.

സത്വം അനുഭവത്തിലൂടെ ബോധ്യപ്പെടേണ്ടതാണ് സിദ്ധാന്തവും അനുഭവവും.  അനുഭവം വളരെ പ്രധാനമാണ് അനുഭവത്തെ നിങ്ങൾ സിദ്ധാന്തവൽക്കരിക്കുന്നതോട്കൂടിയാണത് ഹിംസാത്മകമായി തീരുന്നതെന്ന് ഗാന്ധിജി സൂചിപ്പിച്ചിട്ടുണ്ട് നിങ്ങളൊരു തിയറി രൂപപ്പെടുത്തിക്കഴിഞ്ഞാൽ തിയറിക്കുവേണ്ടിയുള്ള യുദ്ധങ്ങൾ ആരംഭിക്കുകയായി.  അനുഭവത്തിലൂന്നുക എന്നത് പ്രതിപാരമ്പര്യങ്ങളുടെ എല്ലാം ഒരു സ്വഭാവമാണ്.  അതുകൊണ്ടാണ് സിദ്ധന്മാർ മിസ്റ്റിക്കുകളാണെന്ന് പറയുന്നത്.  നമ്മൾ പറയുന്നത് മിസ്റ്റിസം എന്നത് അന്ധവിശ്വാസമാണ് അനാചാരമാണ് എന്നൊക്കെയാണ്.

ബസവേശ്വരൻ ജാതീയ അസ്പൃശ്യതകൾ അനുഭവിച്ചിട്ടുള്ള ആരും അത്തരത്തിലുള്ള അനുഭവങ്ങൾ നേരിടേണ്ടിവന്ന ഒട്ടനവധിപേരെ വിളിച്ചുചേർത്ത് നമുക്ക് ദേവത്തെ പ്രാപിക്കാൻ ഈ ബ്രാഹ്മണരുടേയും വേദത്തിന്റേയും ഒന്നും ആവശ്യമില്ല എന്ന് പറയുകയും സമൂഹത്തിലുള്ള മുഴുവൻ വിഭാഗങ്ങളിലുള്ളവരേയും ചേർത്ത് ഒരു പ്രസ്ഥാനം ആരംഭിക്കുകയും ചെയ്തു.  അതാണ് ശരണപ്രസ്ഥാനം ആയി പിന്നീട് വരുന്നത്.

ജാതിയുടെ അസ്പൃശ്യതകളെയൊക്കെ ചോദ്യംചെയ്തവരൊക്കെ തമിഴിനാട്ടിലും ഉണ്ടായിട്ടുണ്ട്. അവരെക്കുറിച്ചറിയുകയും അവരുടെ വചനങ്ങൾ നമ്മുടെ വരുന്ന കുട്ടികളെ പഠിപ്പിക്കുകയും ചെയ്താൽ ഒരുപക്ഷേ ഇന്ത്യ എന്ന് പറയുന്നത് വേദങ്ങളുടെ നാടാണ് എന്ന അസംബന്ധത്തിൽ നിന്നെങ്കിലും നമുക്ക് മോചിതരാകാൻ കഴിയും.

****************